ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 14976/എസി.ഡി2/2023/നി.സെ.

തിരുവനന്തപുരം,
08.09.2023.

## ക്വട്ടേഷൻ നോട്ടീസ്

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആവശ്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള പോർട്ടബിൾ പ്രിന്ററും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിന് കരാറിൽ ഏർപ്പെടുവാൻ താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| Item | Quantity |
|---|---|
| HPRT MT800Q Portable Printer | 1 No. |
| Ribbon Cartridge for HPRT MT800Q Portable Printer | 10 No. |
| Portable Printer Carry case | 1 No. |

മുദ്ര വച്ച ക്വട്ടേഷനുകൾ 16.09.2023 വൈകിട്ട് 03.00 മണിക്ക് മുമ്പായി അണ്ടർ സെക്രട്ടറി II (അക്കൗണ്ട്സ്), നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 03.30 മണിക്ക്, ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറന്നുപരിശോധിക്കേണ്ട ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ആവശ്യത്തിനായി പോർട്ടബിൾ പ്രിന്ററും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന സാമഗ്രികൾ ലഭ്യമാക്കുന്നതിനാവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കണം. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

പുഷ്പലത വി. സി.,
അണ്ടർ സെക്രട്ടറി II (അക്കൗണ്ട്സ്)
സെക്രട്ടറിക്കുവേണ്ടി.